II. അടിയന്തിര പ്രമേയം

ആലപ്പുഴയിൽ കെ. എസ്. വൈ. എഫ്. പ്രവർത്തകനെ കൊലപ്പെടുത്തിയതിനെ സംബന്ധിച്ച്.

മി. സ്പീക്കർ: കെ. എസ്. വൈ. എഫ്. പ്രവർത്തകനായ ശ്രീ. ആർ. ബാലകൃഷ്ണനെ ആലപ്പുഴ പട്ടണത്തിൽവച്ച് കൊലചെയ്ത സംഭവം മൂലം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെപ്പറ്റി 9.30 A.M] ചർച്ച ചെയ്യുന്നതിനു വേണ്ടി ഇന്നത്തെ സമാനടപടികൾ റൂൾ 50 അനുസരിച്ച് നിറുത്തിവയ്ക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഏപ്രിൽ ഏഴാം തീയതി വൈകിട്ട് നാലേകാൽമണിയോടുകൂടി കെ. എസ്. വൈ. എഫ്. ആലപ്പുഴ ജില്ലാ സെക്രട്ടറിയും മാർക്സിസ്റ്റു പാർട്ടിയുടെ കടവൂർ ലോക്കൽ കമ്മിറ്റി മെമ്പറുമായ ശ്രീ. ബാലകൃഷ്ണനെ, സി. പി. ഐ. യിലെ മാവോ ആൻറണി എന്നു വിളിക്കുന്ന ആൻറണിയും മറ്റ് ഏഴുപേരുകൂടി മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമിച്ചു. ആ ആക്രമണത്തിന്റെ ഫലമായി ബാലകൃഷ്ണന് ഗുരുതരമായ മുറിവേൽക്കുകയുണ്ടായി. ഉടനെതന്നെ ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രിയിലേക്ക് അദ്ദേഹത്തെ എത്തിച്ചു. എന്നാൽ മേപ്പടിയാന് ഏറ്റ മുറിവുനിമിത്തം ആശുപത്രിയിൽവച്ച് മരണമടയുകയുണ്ടായി. ഈ സംഭവത്തിനു ശേഷം അക്രമികൾ സ്ഥലത്തുനിന്ന് ഓടി രക്ഷപ്പെടുകയുണ്ടായി. മാവോ ആൻറണി എന്നു പറയുന്ന ആള് ഇതിനു മുമ്പ് നടന്ന സുധീന്ദ്രൻ കൊലക്കേസിൽ ഒരു കൊല്ലത്തെ കഠിന തടവിന് ശിക്ഷിക്കപ്പെട്ട ആളാണ്. അങ്ങനെ ശിക്ഷിക്കപ്പെട്ടതിനുശേഷം ഇദ്ദേഹം അപ്പീൽ കൊടുത്തു ജാമ്യത്തിൽ നിൽക്കുകയായിരുന്നു. ജാമ്യത്തിൽ നിൽക്കവെയാണ് ഇപ്പോൾ ഈ അനിഷ്ട സംഭവം ഉണ്ടായത്. സർ, ബാലകൃഷ്ണന്റെ മരണത്തിൽ കലാശിച്ച ഈ സംഭവം രാഷ്ട്രീയ വിരോധം നിമിത്തം ഉണ്ടായിട്ടുള്ളതാണ്. അവിടെ ചില കേസുകളും അങ്ങോട്ടും ഇങ്ങോട്ടും ഉണ്ടായിട്ടുണ്ട്. സർ, അന്തരിച്ച ബാലകൃഷ്ണൻ തന്നെ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലെ നാലുകേസുകളിൽ പ്രതിയാണ്. ഈ നാലു കേസുകളിലും വാദികളും പ്രതിക്കൂറവരും സി. പി. ഐ.-ൽ പെടുന്നവരായിരുന്നു. ഇപ്പോൾ നടന്ന സംഭവത്തിൽ ഈ എട്ടു പ്രതികളെയും എട്ടാം തീയതി രാത്രി അറസ്റ്റു ചെയ്തിട്ടുണ്ട്. തിരുവമ്പാടി മുനിസിപ്പൽ ആഫീസ് വാർഡ്, പാലസ് വാർഡ് മുതലായ സ്ഥലങ്ങളിൽ പോലീസ് പിക്കറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് ജാഗരൂകരായി കേസ് അന്വേഷിക്കുന്നുണ്ട്. ഇപ്പോൾ അവിടെ പ്രത്യേകമായി ടെൻഷൻ ഒന്നും ഇല്ല. കേസ് രജിസ്റ്റർ ചെയ്തു, എട്ടുപ്രതികളേയും അറസ്റ്റു ചെയ്തു. ടെൻഷൻ ഒഴിവാക്കുന്നതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ആ നിലയ്ക്ക് ഉത്കണ്ഠാജനകമായ സ്ഥിതിവിശേഷം ഇപ്പോൾ നിലനിൽക്കാത്തതുകൊണ്ട് പ്രമേയം അനുവദിക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവിടെ യാതൊരു സംഘർഷവും ഇപ്പോഴില്ലെന്നാണ്. കൊല്ലപ്പെട്ട ബാലകൃഷ്ണൻ നാലു കേസിലെ പ്രതിയാണ് എന്നൊക്കെ പറഞ്ഞത് എന്തിനാണ് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സംഘട്ടനവും അന്യോന്യം ഉണ്ടായിരുന്നില്ല, അതിനടുത്തും ഒന്നും ഉണ്ടായിരുന്നില്ല. കൊല്ലപ്പെട്ട ബാലകൃഷ്ണന്റെ വീട്ടിൽ ഈ പ്രതികൾ പലവട്ടം ചെന്നു. അദ്ദേഹത്തിന്റെ അമ്മയോട് ബാലനെ ഞങ്ങൾ കൊല്ലുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. അതേപ്പറ്റി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ പരാതി ഉണ്ടായിരുന്നു. ആ പരാതിയിൻമേൽ യാതൊരു നടപടിയും എടുത്തിട്ടില്ല. സംഭവം നടന്നദിവസം വൈകുന്നേരം സൈക്കിൾ തള്ളിക്കൊണ്ട് അദ്ദേഹം പോകുന്ന സമയത്താണ് മാവോ ആൻറണി, ചന്ദ്രമോഹനൻ, പുഷ്പരാജ്, കട്ട് എന്നു വിളിക്കുന്ന ലക്ഷ്മണൻ, മുരളി, മോഹനൻ, ബഷീർ, ഉണ്ണി, ഗോപാലൻ ഇത്രയും പേർ മാരകായുധങ്ങളുമായി വന്നു വളഞ്ഞ് അദ്ദേഹത്തെ വെട്ടിയത്. പരുക്കേറ്റു എന്നു മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സർ, പോസ്റ്റുമോർട്ടം റിപ്പോർട്ടിൽതന്നെ അമ്പത് മുറിവുകൾ അദ്ദേഹത്തിന് ഏറ്റിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പോസ്റ്റുമോർട്ടം നടക്കുന്ന സമയത്ത് ഞാൻ അവിടെ പോയിരുന്നു. ഡെഡ് ബോഡി ഞാൻ കണ്ടു. കൈ രണ്ടും വെട്ടേറ്റ് ഏതാണ്ട് തൊലി മാത്രമേ വിടാനുണ്ടായിരുന്നുള്ളു. ഒരൊറ്റ മനുഷ്യനെ ചുറ്റും നിന്ന് വെട്ടി അമ്പത്തിരണ്ടോളം മുറിവുകൾ ഏൽപ്പിച്ചു. ചുറ്റും നിന്ന് ഇവരെല്ലാം അദ്ദേഹത്തെ വെട്ടി. രണ്ടു കയ്യും വേർപെട്ടതിനുശേഷം മാത്രമാണ് മറ്റുള്ള വെട്ടുകൾ അധികവും നടന്നിട്ടുള്ളത്. അരുംപോലെതന്നെ ദേഹത്തിൽ എല്ലാ ഭാഗത്തും വെട്ടി. മരിച്ചതിനുശേഷവും എട്ടുപത്തു കുത്തുകൾ കുത്തിയിട്ടുണ്ട്. പരിക്കുകളേൽക്കൂടി എന്ന് വളരെ നിസ്സാരമായിട്ടാണ് മന്ത്രി പറഞ്ഞത്. സർ, അവിടെ സംഘർഷം ഒന്നും ഉണ്ടായിരുന്നില്ല. മന്ത്രി തന്നെ സമ്മതിച്ചതാണ് പി. ജി. സുധീന്ദ്രൻ കേസ്സിൽ ശിക്ഷിക്കപ്പെട്ട പ്രതിയാണ് മാവോ ആൻറണി എന്ന്. അയാളുടെ സഹോദരൻ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടു കിടക്കുകയാണ്. ഈ മാവോ ആൻറണിക്ക് നാല് പോലീസുകാർ കുറെ മാസങ്ങളായി വീട്ടിൽ കാവലാണ്. കൊലപാതകിക്കുവേണ്ടി കാവൽ. കാവൽ നിൽക്കുന്ന ആ വീട്ടിൽനിന്ന് നോക്കിയാൽ കാണാവുന്ന പ്രദേശത്താണ് ഈ കൊലപാതകം നടന്നിട്ടുള്ളത്. മാത്രമല്ല, അവിടെനിന്നും ഈ പ്രതികളെല്ലാംകൂടി മാരകായുധങ്ങളുമായി ഇറങ്ങിപ്പോരുന്നത് ഈ നാല് പോലീസുകാരും കണ്ടിട്ടുണ്ട്. ഈ നാല് പോലീസുകാർ ഈ കാര്യങ്ങൾ തടയാൻ ശ്രമിച്ചില്ലെന്നുമാത്രമല്ല കൊലപാതകിയെ സംരക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. പോലീസ് സംരക്ഷണയിൽ നിന്നുകൊണ്ടാണ് ഈ കൊലപാതകം നടന്നിട്ടുള്ളത്. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ രാഷ്ട്രീയമായ വിരോധം വച്ചുകൊണ്ട് കൊലപാതക സംഘത്തെ സി. പി. ഐ. സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ കേസിനെ സംബന്ധിച്ച് ഈ നിയമസഭയിൽ പരാമർശനം നടത്തിയിട്ടുള്ളതാണ്. പി. ജി. സുധീന്ദ്രൻ കേസിൽ ആ പ്രതികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി അടക്കം ഇടപെട്ടു എന്നും പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ കൃത്രിമം കാണിച്ചതിന്റെ ഫലമായിട്ടാണ് ആ പ്രതികൾ രക്ഷപ്പെട്ടത് എന്നും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ആ കേസിലെ പ്രതികൾ, പോലീസ് സംരക്ഷണയിൽനിൽക്കുന്ന ആ പ്രതികൾ, മുൻനിന്നുകൊണ്ടാണ് കൊലപാതകം നടത്തിയിട്ടുള്ളത്. അവിടെ യാതൊരു സംരക്ഷണവും ഉണ്ടായിട്ടില്ല. ഇപ്പോൾ കുഴപ്പമൊന്നും ഇല്ലെന്നും ഇപ്പോൾ പോലീസിനെ നിറുത്തിയിട്ടുണ്ടെന്നും പറഞ്ഞു. എന്താണ് സർ, അർത്ഥം? നാല് പോലീസിനെ വീട്ടിൽ കാവൽനിർത്തി ആ പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് ആയുധം എടുത്തുകൊണ്ടുപോയി വെട്ടി കൊലപ്പെടുത്തിയത്. അവരെ ഉടനെതന്നെ ഹാജരാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. ഏഴ് പ്രതികളെ എന്നുപറഞ്ഞിട്ട് എട്ടുപേരെ അറസ്റ്റു ചെയ്തു. അപ്പോൾതന്നെ ഹാജരാക്കുകയും ചെയ്തു. ഹാജരാക്കുമ്പോൾ പറയും യാതൊരു കുഴപ്പവുമില്ല, നിങ്ങളെ രക്ഷിച്ചുകൊള്ളാം നിങ്ങൾ എന്ത് കൊലപാതകവും നടത്തിക്കൊള്ളിൻ എന്ന്. അങ്ങനെ സ്ഥിരമായി നിരന്തരമായി സി. പി. ഐ. യുടെ ഗുണ്ടാ സംഘം പ്രവർത്തിക്കുകയാണ്. പി. ജി. സുധീന്ദ്രൻ അടക്കമുള്ള ആളുകളെ കൊന്നു. ഇപ്പോൾ വീണ്ടും കൊന്നിരിക്കുകയാണ്. യാതൊരു കുഴപ്പവും നിങ്ങൾക്കില്ല എന്ന് ഉറപ്പുകൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് സർ, ഇത് നടക്കുന്നത്. എങ്ങനെ ഈ രാജ്യത്ത് നിയമസമാധാനം പാലിക്കാൻ കഴിയും? അവർക്കെതിരെ ശക്തമായ നടപടികളെടുക്കാനും, മുഖ്യമന്ത്രി തന്നെ ഇടപെട്ട് തങ്ങളുടെ ഈ ഗുണ്ടാ സംഘത്തിന്റെ നടപടി അവസാനിപ്പിക്കുമെന്നു പറയാനും മുഖ്യമന്ത്രി തയ്യാറുണ്ടോ? അല്ലെത്തിടത്തോളം കാലം അവിടെ ഈ കൊലപാതക സംഘത്തിന്റെ വിളയാടൽ അവസാനിക്കുകയില്ല. അതുകൊണ്ടാണ് ഈ പ്രശ്നം പ്രത്യേകം ചർച്ചചെയ്യണമെന്ന് പറഞ്ഞത്. മുഖ്യമന്ത്രിയുടെ കക്ഷിയുടെ പിന്തുണയോടുകൂടി നിരന്തരമായി കൊലപാതകങ്ങൾ പട്ടണത്തിന്റെ മദ്ധ്യത്തിൽ നടക്കുകയാണ്. അത് ഗൗരവതരമായി എടുത്തുകൊണ്ട് ഈ ഗവൺമെന്റ് കൈകാര്യം ചെയ്യണം. അതുകൊണ്ടാണ് ഇത് ചർച്ച ചെയ്യണമെന്ന് പറഞ്ഞത്. കൊലപാതകം നടത്തുന്നവർ ആ പാർട്ടിയുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പാർട്ടിയുടെ ചർച്ച നടത്തേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ എനിക്ക് വളരെ ദുഃഖമുണ്ട്. ഗവൺമെന്റ് ലാഘവ ബുദ്ധിയോടുകൂടി എടുത്തില്ല. കൊലപാതകങ്ങൾ അനിഷ്ടസംഭവങ്ങൾ തന്നെയാണ്. വാസ്തവത്തിൽ വളരെ ഉത്കണ്ഠാജനകമായ സംഭവമാണ്. ഗവൺമെന്റ് പ്രതികളെ അറസ്റ്റുചെയ്തു. വസ്തുതകൾക്ക് ചേരാത്ത രണ്ടുകാര്യങ്ങൾ ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറയുകയുണ്ടായി. ഒന്ന് മാവോ ആൻറണിക്ക് സഹായകമായി വീടിന്റെ മുമ്പിൽ പോലീസ് കാവൽ ഉണ്ടായിരുന്നു എന്ന്. കാവൽനിന്ന പോലീസ് കാൺകെയാണ് ആയുധങ്ങളുമായി പോയത് എന്ന്. അങ്ങനെ കാവൽ നിന്നിട്ടില്ല. രണ്ടാമത് ബാലകൃഷ്ണനെ ആക്രമിക്കപ്പെടുമെന്നു പറഞ്ഞ് സൗത്ത് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടിരുന്നു. അത് തെറ്റ്. അങ്ങനെ യാതൊരു പരാതിയും ഉണ്ടായിട്ടില്ല. ഒരു വസ്തുത ശരിയാണ്. സി. പി. ഐ.-ലെ പ്രവർത്തകരും മാർക്സിസ്റ്റു പാർട്ടിയിലെ പ്രവർത്തകരും തമ്മിൽ അവിടെ സംഘർഷങ്ങൾ ഉണ്ടായിരുന്നു. പരസ്പരം കേസുകൾ ഉണ്ട്. വെട്ടുകൾ നടന്നിട്ടുണ്ട്. കൊലകൾ നടന്നിട്ടുണ്ട്. മരിച്ച ബാലകൃഷ്ണൻ തന്നെ, എട്ടു പ്രതികളിൽ രണ്ടാം പ്രതിയായ ചന്ദ്രമോഹനനേയും എട്ടാം പ്രതിയായ രാധാകൃഷ്ണപിള്ളയേയും മറ്റും ആലപ്പുഴ ബാദേഴ്സ് ഹോട്ടലിൽവച്ച് വെട്ടിയ കേസിലെ ആറാം പ്രതിയായിരുന്നു. അതുപോലെതന്നെ കഴിഞ്ഞ കൊലക്കേസിനെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രിയുടെ പാർട്ടി തെളിവ് നശിപ്പിക്കാൻ ശ്രമിച്ചു എന്നുള്ള ആരോപണം ഉണ്ടായിരിക്കുന്നു. ആ കേസ് ശിക്ഷിച്ചു. ഒരാൾക്ക് ജീവപര്യന്തം ശിക്ഷകൊടുത്തു. നാലുപേരെ വെറുതെ വിട്ടു. മാവോ ആൻറണിയെ ഒരു വർഷത്തേക്ക് ശിക്ഷിച്ചു ഇതാണ് സംഭവം. മറ്റു പാർട്ടികളിലെ ചില പ്രവർത്തകർ തമ്മിൽ ചില പ്രദേശങ്ങളിൽവച്ച് സംഘർഷം ഉണ്ടായി. പല കേസുകളും ഉണ്ടായി. ഈ കൊലക്കേസ് തീർച്ചയായും ഒരു അനിഷ്ട സംഭവം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഉടനെ തന്നെ കേസ് രജിസ്റ്റർചെയ്തു എന്നുമാത്രമല്ല, പ്രതികളെ മുഴുവൻ അറസ്റ്റുചെയ്യുകയും ചെയ്തു. ആ പ്രദേശം മുഴുവൻ നിയന്ത്രണാധീനമാക്കിയിട്ടുണ്ട്. പക്ഷേ ലാ ആൻറ് ഓർഡർ പരിപാലിക്കാൻ ബഹുമാനപ്പെട്ട മാർക്സിസ്റ്റു പാർട്ടിയും കൂടി സഹകരിക്കണം. രാഷ്ട്രീയ കക്ഷികൾ തമ്മിൽ വാശിയും വൈരാഗ്യവും ഉണ്ടാകാം. നിയമസമാധാനത്തെ ഭംഗപ്പെടുത്തുന്ന നിലയിലേക്ക് അനാരോഗ്യകരമായ മൽസരം രാഷ്ട്രീയ കക്ഷികൾ കൊണ്ടുപോകരുത് എന്ന് എല്ലാവരോടും എനിക്ക് അഭ്യർത്ഥിക്കാനുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ സംഭവം നടക്കുന്ന സമയത്തോ രണ്ടുമാസത്തിനിടയ്ക്കോ യാതൊരു സംഘർഷവും അവിടെ ഉണ്ടായിട്ടില്ല. മനഃപൂർവ്വം ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയാണ് ചെയ്തത്. അതിന് രാഷ്ട്രീയ സംഘർഷവുമായി ബന്ധപ്പെടുത്തേണ്ട കാര്യം എന്താണുള്ളത്? അതുകൊണ്ടാണ് ചർച്ചചെയ്യണമെന്ന് പറയുന്നത്. തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രസ്താവന നടത്തുന്നത് ശരിയല്ല. യാതൊരു സംഭവവുമുണ്ടാകാതെ പട്ടാപ്പകൽ നടന്നുപോകുന്ന ആളെ വളഞ്ഞുനിർത്തി പത്തൻപതു വെട്ടുവെട്ടി കൊലചെയ്തു എന്നുള്ളത് ഈ രാജ്യത്ത് ഇപ്പോഴും നടക്കാവുന്ന ഒരു സംഗതിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണ് പറയാനുള്ളത്? തന്റെ പാർട്ടിയിൽപെട്ട ആളുകൾ ഈ രീതിൽ നടത്തുന്നത് ശരിയാണെന്നാണോ അഭിപ്രായം? അങ്ങനെയാണെങ്കിൽ അദ്ദേഹം അതു പറയണം. നാല് പോലീസുകാർ സ്ഥിരം കാവലുണ്ട്; ഇല്ലെന്നു പറഞ്ഞിട്ട് എന്താണ് കാര്യം?

മി. സ്പീക്കർ: ആർഡർ, ആർഡർ. കുറ്റക്കാരെന്നു സംശയിക്കപ്പെടുന്ന ആളുകളെ ഇതിനകം തന്നെ അറസ്റ്റുചെയ്യുകയും ആവശ്യമായ എല്ലാ സത്വര നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) ഹൗസിംഗ് ബോർഡ് വട്ടിയൂർക്കാവിൽ സ്ഥലം അക്വയർ ചെയ്തതിനെ സംബന്ധിച്ച്

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനംകൊണ്ട്, വീടില്ലാത്തവർക്ക് താമസസൗകര്യം ഉണ്ടാക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്നാൽ ഹൗസിംഗ് ബോർഡിന്റെ ഇതുവരെയുള്ള പ്രവർത്തനം നമ്മുടെ രാജ്യത്ത് ഉദ്യോഗസ്ഥൻമാർക്ക് മാത്രമാണ് കൂടുതൽ പ്രയോജനമുണ്ടാക്കിയിട്ടുള്ളത്. അതിലും സന്തോഷം ഇല്ലാതെയില്ല. വാടക വീടുകളിൽ താമസിക്കുന്ന ആളുകൾക്ക് സ്ഥിരമായി ജോലിസ്ഥലങ്ങളിൽ വീടുണ്ടാകുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ ഇവിടെ തിരുവനന്തപുരം താലൂക്കിൽ അഞ്ചോമട വില്ലേജ് അതിർത്തിയിൽപ്പെട്ട വട്ടിയൂർക്കാവ് അറപ്പുര ജംഗ്ഷനുസമീപം നൂറിലധികം കുടുംബങ്ങളെ ഒഴിപ്പിച്ചുകൊണ്ട് ഹൗസിംഗ് ബോർഡ് ഒരു സ്കീം തയ്യാറാക്കാൻ പോകുന്നതിൽ അവിടത്തെ താമസക്കാരായ മുഴുവൻ ആളുകൾക്കും ഉത്കണ്ഠയുണ്ട്. പാരമ്പര്യമായി, വളരെക്കാലമായി താമസിച്ചുവരുന്ന ആളുകളാണ് അവിടെയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly